# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 8132

24.07.2012-ൽ
മറുപടിക്ക്.

**കേന്ദ്രനയം കാരണം വർദ്ധിച്ച ഇന്ധന വിലയും പൊതുജനങ്ങളുടെ ജീവിത നിലവാരവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഭാഗമായി പെട്രോളിയം വില ക്രമാതീതമായി വർദ്ധിക്കുന്നതും ഇത് പൊതുജനങ്ങളുടെ നിത്യനിദാന ചെലവുകളുടെ വർദ്ധനവിനും സാധാരണ ജനങ്ങളുടെ വരുമാന ചോർച്ചയ്ക്കും കാരണമാവുന്നതുംശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിച്ച് ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനും പൊതു മേഖലയിലുള്ള വ്യവസായങ്ങളിൽ ഈ സർക്കാർ എത്ര തുക നിക്ഷേപിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഉന്നമനത്തിനായി 2011-12 സാമ്പത്തിക വർഷത്തിൽ നവീകരണ പ്രവർത്തനങ്ങൾക്കായും, പ്രവർത്തന മൂലധന സഹായമായും 60.10 കോടി രൂപ നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാസ്ഥാപനങ്ങൾക്കായി 70.20കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിലുമായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായമായി 159.36 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ഇതുവഴി പുതുതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നും മുൻസർക്കാരിന്റെ കാലയളവിൽ നിന്ന് എത്ര ശതമാനം അധിക വളർച്ച ഉണ്ടായിയെന്നും വ്യക്തമാക്കാമോ? | (ബി) ഇത്തരം ഒരു കണക്ക് ശേഖരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**